**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന**

06-03-2017-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1680

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.സി. ജോസഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ (PMGSY) 2011 മെയ് മാസത്തിനുശേഷം ഏതെല്ലാം റോഡ് പ്രവർത്തികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചുവെന്നും ഓരോന്നിനും എത്ര രൂപയുടെ സഹായമാണ് ലഭിച്ചതെന്നും വെളിപ്പെടുത്തുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു |
| (ബി) | ഇതിൽ എത്ര റോഡ് നിർമ്മാണം പൂർത്തിയായി; അവ ഏതെല്ലാം; | (ബി) | 271 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ പ്രവർത്തികൾക്കായി Tender excess നൽകാൻ സംസ്ഥാന ഗവൺമെന്റ് എത്ര രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (സി) | 86.47 കോടി രൂപ |
| (ഡി) | 2016 മെയ് മാസത്തിനുശേഷം പ്രസ്തുത പദ്ധതിയിൽ എത്ര പുതിയ റോഡിനുള്ള ശിപാർശ കേന്ദ്ര ഗവൺമെന്റിന് നൽകിയെന്ന് വെളിപ്പെടുത്തുമോ; | (ഡി) | 319.95 കിലോമീറ്റർ ദൈർഘ്യവും 276.97 കോടി രൂപ അടങ്കൽ തുക വരുന്ന 84 റോഡുകളും ഒരു പാലത്തിന്റെയും അംഗീകാരം ലഭിച്ചു ഇത് കൂടാതെ 254.41 കിലോമീറ്റർ ദൈർഘ്യം വരുന്ന 65 റോഡുകളുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. |
| (ഇ) | പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡിന് 2017-18 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയെന്ന് അറിയിക്കുമോ? | (ഇ) | 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും പുതിയ പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്